ഉത്തരം

(എ) ഉണ്ട്.

(ബി) പി.എസ്.സി. ലിസ്റ്റ് നിലവിലുള്ള തസ്തികകളിൽ ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിന് നിയമാനുസൃതമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സ്കൂളുകളിൽ അദ്ധ്യാപകർ ഇല്ലാത്ത സാഹചര്യം ഒഴിവാക്കുന്നതിന് സംരക്ഷിതാദ്ധ്യാപകരെ നിയമിക്കുന്നതിനും സംരക്ഷിതാദ്ധ്യാപകർ ഇല്ലാത്ത ജില്ലകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്വഴി കൂടാതെ ദിവസക്കൂലി അടിസ്ഥാനത്തിൽ നിയമനം നടത്താനും 19-6-2003-ലെ ജി.ഒ. (പി) 166/03. പൊവി. ഉത്തരവു പ്രകാരം എല്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

അദ്ധ്യാപക തസ്തികയിൽ വികലാംഗർക്കുള്ള സംവരണം

117 (2057) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തുള്ള വിവിധ അദ്ധ്യാപക തസ്തികകളിൽ വികലാംഗർക്ക് സംവരണം എത്ര ശതമാനമാണെന്ന് വ്യക്തമാക്കാമോ ;

(ബി) വികലാംഗർക്ക് സംവരണം ചെയ്ത എത്ര തസ്തികകൾ ഒഴിവുണ്ടെന്ന് ജില്ലതിരിച്ച് വ്യക്തമാക്കാമോ ;

(സി) കണ്ണൂർ ജില്ലയിൽ റിപ്പോർട്ട് ചെയ്തിട്ടുള്ള ഒഴിവുകൾ നികത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തുള്ള വിവിധ അദ്ധ്യാപക തസ്തികകളിൽ വികലാംഗർക്ക് 3% സീറ്റ് സംവരണം ചെയ്തിട്ടുണ്ട്.

(ബി) വികലാംഗർക്ക് സംവരണം ചെയ്ത തസ്തികകളിൽ തിരുവനന്തപുരം, പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി, എറണാകുളം എന്നീ ജില്ലകളിൽ ഒഴിവുകൾ നിലവിലില്ല. ബാക്കി ജില്ലകളിലെ ഒഴിവുകൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. *

(സി) ജില്ലാ കളക്ടർ ആവശ്യപ്പെടുന്ന മുറയ്ക്ക് ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതാണ്.

ഫിസിക്കൽ എഡ്യൂക്കേഷൻ ടീച്ചറെ നിയമിക്കാൻ നടപടി

118 (2058) ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹൈസ്കൂളുകളിലും ഹയർ സെക്കണ്ടറി സ്കൂളുകളിലും ഫിസിക്കൽ എഡ്യൂക്കേഷൻ ടീച്ചറില്ലാത്ത എത്ര വിദ്യാലയങ്ങൾ വടകര വിദ്യാഭ്യാസ ജില്ലയിലുണ്ട് ;

* ലൈബ്രറിയിൽവച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly